മാതൃഭൂമി

**07 January 2017**

# കരിമീൻ വിത്തുത്പാദന യൂണിറ്റുകൾ തുറന്നു

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെ.വി.കെ.) നേതൃത്വത്തിൽ കർഷകരുടെ പങ്കാളിത്തത്തോടെ കരിമീൻ വിത്തുത്പാദന യൂണിറ്റുകൾ തുറക്കുന്നു. ഹൈദരാബാദ് ആസ്ഥാനമായ ദേശീയ മത്സ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയാണിത്.

മറുനാട്ടിൽ നിന്നുവരുന്ന ഗുണമേന്മയില്ലാത്ത കരിമീൻ വിത്തുകൾ കൊണ്ട് കൃഷിയിറക്കുന്നത് പലപ്പോഴും ഉത്പാദനത്തെ ബാധിക്കുന്ന സാഹചര്യത്തിലാണ് കെ.വി.കെ.യുടെ നേതൃത്വത്തിൽ വിത്തുത്പാദന യൂണിറ്റുകൾ തുടങ്ങുന്നത്.

കർഷരുടെ പങ്കാളിത്തത്തോടെയാണ് കരിമീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നത്. കുളങ്ങൾ വൃത്തിയാക്കി മറ്റു മത്സ്യങ്ങളെയെല്ലാം മാറ്റി പ്രത്യേകം തയ്യാറാക്കിയ ജലാശയങ്ങളിലാണ് കരിമീൻ വിത്തുത്പാദനം നടത്തുന്നത്.

കുഞ്ഞുങ്ങളെ കെ.വി.കെ.യുടെ വിപണന കേന്ദ്രം വഴി നൽകും. കെ.വി.കെ.യുടെ അംഗീകാര പത്രം ലഭിച്ചിട്ടുള്ളതിനാൽ ഈ കർഷകർക്ക് നേരിട്ടും വിപണനം നടത്താം.

കരിമീൻ കുഞ്ഞുങ്ങളെ ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും പായ്ക്ക് ചെയ്ത് കൊടുക്കാനുള്ള സൗകര്യം കെ.വി.കെ.യുടെ വിപണനകേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ടെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

പ്രൊഫ. കെ.വി. തോമസ് എം.പി. പദ്ധതി ഉദ്ഘാടനം ചെയ്തു. ആദ്യഘട്ടത്തിൽ സ്ഥാപിച്ച ആറു കേന്ദ്രങ്ങൾക്കുള്ള അംഗീകാര പത്രങ്ങൾ വി.ഡി. സതീശൻ എം.എൽ.എ. കൈമാറി.

ദേശീയ കാർഷിക ഗവേഷണ കൗൺസിൽ പ്രതിനിധി ഡോ. ശ്രീനാഥ് ദീക്ഷിത്, കെ.വി.കെ. മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ. വികാസ് പി.എ. എന്നിവർ സംസാരിച്ചു.